

# റിലയൻസ് സെസിനെതിരെ വിട്ടുവീഴ്ചയില്ലാതെ

ഉൽക്കാ മഹാജൻ / ശ്രീജ ശശിധരൻ

മുകേഷ് അംബാനി നേതൃത്വം നൽകുന്ന മഹാമുംബൈ ഇന്റഗ്രേറ്റഡ് ഇക്കമോമിക് സ്പെഷ്യൽസോണിനെതിരെ മഹാരാഷ്ട്രയിലെ റായ്ഗർ ജില്ലയിലെ 22 ഗ്രാമങ്ങൾ കഴിഞ്ഞ മൂന്നുവർഷമായി വിവിധ ജനകീയ സമരങ്ങളിലൂടെ ചെറുത്തുനിൽപ്പിന് ശ്രമിക്കുന്നു. ഈ സമരത്തിൽ ശക്തമായ നേതൃത്വം നൽകി ജനകീയ പ്രസ്ഥാനങ്ങൾക്ക് ഊർജ്ജം നൽകുന്ന മഹാരാഷ്ട്രക്കാരി ഉൽക്കാ മഹാജനുമായുള്ള കൂടിക്കാഴ്ചയുടെ പ്രസക്ത ഭാഗങ്ങൾ

**എന്താണ് ഈ സമരത്തിന്റെ മുന്നണപ്പോരാളിയായി മാറാൻ താങ്കളെ പ്രേരിപ്പിച്ചത്?**

ഇവിടെ ഞാൻ മുന്നണിപ്പോരാളിയാണോ അല്ലയോ എന്നതല്ല, വിഷയം. മറിച്ച്, സമരം എങ്ങനെ തുടർന്നുപോകുന്നു വെന്നുള്ളതാണ്. കഴിഞ്ഞ പതിനെട്ടു വർഷമായി റായ്ഗഡിലെ കർഷകരുൾപ്പെടെയുള്ള തൊഴിലാളി വിഭാഗങ്ങളുടെ അവകാശങ്ങൾക്കായി പ്രവർത്തിച്ചു വരുന്നു. അത് കാടിനും മണ്ണിനും വെള്ളത്തിനും മേലെ ജനകീയാധികാരം നേടിയെടുക്കുന്നതിനുള്ള ശ്രമങ്ങളായിരുന്നു. അനീതിക്കെതിരെയുള്ള അത്തരം ചെറുത്തുനിൽപ്പുകളുടെ ഭാമായിരുന്നു എന്റെ സാമൂഹ്യപ്രവർത്തനം.

**എങ്ങനെയാണ് ആ മേഖലയിൽനിന്ന് സമരം പ്രത്യേക സാമ്പത്തിക മേഖല എന്ന വിഷയത്തിലേക്ക് മാറിയത്?**

– റായ്ഗഡിൽ 2005ൽ പുതിയ പല പ്രൊജക്ടുകൾ വരുന്നതായി മനസിലാക്കി. എന്നാൽ 2006ൽ



# Maharashtra set to get 2 more SEZs

Prafulla Marpakwar | TNN

Mumbai: A week ago, the high-level board of approvals headed by commerce secretary G M Pillai approved two more special economic zones—one in Chandrapur and the other in Amravati district, which takes the total number of SEZs in Maharashtra to 140.

"Both the proposals were submitted long back, but were delayed due to technical reasons. A week ago, the board approved the two SEZs. The two SEZs will help in the industrial

The Wardha Power Corporation will set up a power SEZ (400 MW) at Warora Chandrapur w... second SEZ ... develop... M... N... An...

drapur. It will require 100 hectares of land and investment of Rs 2,341 crore.

These two SEZs will be commissioned in a time-bound period, since the promoters are in possession of land. At the last meeting of the board of approvals, the Centre had decided that approval will be granted to only those promoters who are in clear possession of the entire land required for the SEZ.

Following the approval of the two SEZs, the total number of SEZs in the state has crossed the mark of 140. These SEZs will require 30,000 hectares of land, while the investment will be nearly Rs 1.30 lakh crore and it will generate employment for 62 lakh persons.

The indu...

RELIANCE

സർക്കാർ ഭൂമി കൈവശപ്പെടുത്താനുള്ള നിയമനടപടികൾ സ്വീകരിക്കുന്നിടത്താണ് ഇത് പ്രത്യേക സാമ്പത്തിക മേഖലയ്ക്കു വേണ്ടിയാണെന്നും പ്രത്യേക ഇളവുകൾ നിയമത്തിൽ അനുവദിച്ചാണ് ഇത് സാധ്യമാക്കുന്നതെന്നും അറിഞ്ഞത്. പിന്നീട് അതുമായി ബന്ധപ്പെട്ട വിഷയങ്ങൾ പഠിച്ചു. അതിനെത്തുടർന്ന് ഇത്തരം നിയമത്തെപ്പറ്റി വിശദീകരിക്കുന്നതിനായി പലസ്ഥലങ്ങളിലും ക്യാമ്പുകൾ സംഘടിപ്പിച്ചു. കർഷകരും കർഷകത്തൊഴിലാളികളുമുൾപ്പെടെ നിരവധി തൊഴിലാളി സംഘടനകളും ക്യാമ്പിൽ പങ്കെടുത്തു.

**ക്യാമ്പിന് ലഭിച്ച പ്രതികരണം എന്തായിരുന്നു ?**

45 ഗ്രാമങ്ങളാണ് ഈ പ്രത്യേക സാമ്പത്തിക മേഖലയ്ക്കു വേണ്ടി സർക്കാർ കണ്ടെത്തിയിരുന്നത്. 23 ഗ്രാമങ്ങൾ നേരത്തേ തന്നെ വ്യാവസായിക മേഖലയിലായതു കൊണ്ട് ഏറ്റെടുക്കലിന് കൂടുതൽ ശ്രദ്ധിച്ചത് കൃഷിഭൂമി കൂടുതലുള്ള വടക്കൻ ഗ്രാമങ്ങളെയാണ്. ആഗ്രി വിഭാഗത്തിൽപ്പെട്ട ആളുകളാണ് ഈ ഗ്രാമങ്ങളിലെ 95 ശതമാനം ആളുകളും. രാഷ്ട്രീയമായി സംഘടിതരും പെട്ടെന്ന് പ്രകോപിതരാവുന്ന പ്രകൃതവും ഉള്ളവരാണ് ഇവർ. എങ്കിലും ഭൂമി ഏറ്റെടുക്കലിന്റെ സർക്കാർ ഉത്തരവ് ലഭിച്ചതോടെ കാര്യത്തിന്റെ ഗൗരവം മനസിലായി. ഇതോടെ ക്യാമ്പിൽ കാര്യങ്ങൾ വേഗത്തിലാവുകയായിരുന്നു. നാടകത്തിലൂടെയും നാടൻ കലാരൂപങ്ങളിലൂടെയും ആശയങ്ങൾ എളുപ്പം പങ്കുവെയ്ക്കാൻ സാധിച്ചു. തിയേറ്റർ ഓഫ് ദ ഒപ്രസ്ഡ് എന്ന നാടകസംഘടന ഇതിന് കൂട്ടായി പ്രവർത്തിച്ചു. ക്യാമ്പിനു ശേഷം ഇതുസംബന്ധിച്ച് ആളുകളെ ബോധവത്കരിക്കുന്നതിനായി പൊതുയോഗങ്ങളും തെരുവുനാടകങ്ങളും സംഘടിപ്പിച്ചു. പലയിടങ്ങളിലും ആളുകൾ ഞങ്ങളെ എതിർത്തു. ചോദ്യംചെയ്തു. അതിനിടെ റിലയൻസ് കമ്പനി ആ നാട്ടിലെ തൊഴിലില്ലാത്ത ചെറുപ്പക്കാർക്കെല്ലാം ജോലി എന്ന രീതിയിൽ കമ്പനി ഏജന്റുമാരായി നിയമിച്ചു. നാടകസംഘങ്ങൾക്ക് കനത്ത ഭീഷണി നേരിട്ടു. സംഘത്തിന്റെ വാഹനം കത്തിച്ചുകളയുമെന്നും മറ്റുമായിരുന്നു ഭീഷണി. ഇത്തരം പ്രശ്നങ്ങൾക്കിടയിൽ നിരോധനാജ്ഞ കൂടി വന്നു. ഈ സമയത്ത് യോഗങ്ങൾ വിളിച്ചുചേർക്കുക കശകരമായി മാറി. ഞങ്ങൾ അഞ്ചോ ആറോ പേർ രഹസ്യമായി സമ്മേളിച്ചാലുടൻ പോലീസ് എത്തുന്ന അവസ്ഥയായി. സാങ്കേതിക വിദ്യ തൊട്ടുതീണ്ടിയിട്ടില്ലാത്ത ഗ്രാമങ്ങളിൽ കമ്പനി അവരുടെ മൊബൈൽഫോണുകൾ വിതരണം ചെയ്തു. അതുപയോഗിച്ചാണ് പോലീസിന് ഞങ്ങളുടെ യോഗങ്ങളെപ്പറ്റി വിവരം നൽകിയിരുന്നത്. ഈ മേഖലയിലെ പോലീസുകാരിൽ പലരും തെക്കൻ റായ്ഗഡിൽനിന്നുള്ളവരായതിനാൽ വ്യാവസായിക മേഖലയായി മാറുന്നതോടെ അവരുടെ നാട്ടിലുണ്ടായ പ്രശ്നങ്ങളെപ്പറ്റി അവർ ബോധവാൻമാരാണ്. അതുകൊണ്ട് അവർ ഞങ്ങളോട് സഹകരിക്കാൻ സന്നദ്ധരായി.

**സമരത്തെ കമ്പനി എങ്ങനെയാണ് നേരിടാൻ ശ്രമിച്ചത് ?**

പ്രത്യേക സാമ്പത്തിക മേഖല നയം 2000ലാണ് കൊണ്ടുവന്നത്. നിയമം പാസാക്കുന്നത് 2005ലാണ്. എന്നാൽ റിലയൻസിന് വേണ്ടി മഹാമുംബൈ പ്രത്യേക സാമ്പത്തിക മേഖല അനുവദിക്കപ്പെട്ടത് 2003ലാണ്. ഈ സമയത്ത് കമ്പനി ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസിന്റെ ആഭിമുഖ്യത്തിൽ ഗ്രാമത്തിന്റെ ഘടന, സ്വഭാവം, സാമ്പത്തിക ക്രമം എന്നിവയെപ്പറ്റി വിശദമായ പഠനം നടത്തി. ഈ പഠനത്തിന്റെ ഫലമായി പ്രസ്തുത മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾക്ക് സാധ്യതയുണ്ടെന്നും കൂടുതൽ വികസനത്തിനായുള്ള മറ്റ് തന്ത്രങ്ങളും അവർ കരുതിയിരുന്നു. ഗ്രാമത്തിന്റെ കവലകളിൽ വെറുതെയിരുന്നവരെയെല്ലാം കമ്പനി ഏജന്റുമാരാക്കി. 3000 രൂപ മുതൽ 30,000 രൂപ വരെയാണ് അവർക്ക് നൽകിയിരുന്ന ശമ്പളം. കമ്പനി സ്വന്തം നിലയ്ക്ക് ഭൂമി ഏറ്റെടുക്കാനുള്ള ശ്രമങ്ങളും ഊർജ്ജിതമാക്കി. ചില സ്ഥലങ്ങളിൽ കുറച്ച് സ്ഥലം വാങ്ങുകയും എന്നാൽ നിരക്ഷരരായ കർഷകരിൽനിന്നും മുഴുവൻ സ്ഥലത്തിന്റെയും പവർ ഓഫ് അറ്റോർണി വാങ്ങുകയും ചെയ്തു. മാത്രമല്ല, മുഴുവൻ രേഖകളും ഇംഗ്ലീഷിലാണ് തയ്യാറാക്കിയിരുന്നതും.



റിലയൻസ് വലിയ വാഗ്ദാനങ്ങൾ നൽകി കർഷകരുടെ കൈയ്യിൽനിന്നും ഏറ്റെടുക്കുവാൻ ശ്രമിക്കുന്ന ഉപ്പുപാടങ്ങളിൽ ഒന്ന്. മഹാരാഷ്ട്രയിലെ റായ്ഗഡിലെ പെൻ വില്ലേജിൽനിന്നും ഒരു ദൃശ്യം.

**രാഷ്ട്രീയ പാർട്ടികൾ സമരത്തോട് സ്വീകരിച്ചുവരുന്ന നിലപാട് ?**

തുടക്കത്തിൽ ട്രേഡ് യൂണിയനുകൾ, സി. പി. ഐ, സി. പി. എം, ഫോർവേഡ് ബ്ളോക്ക് തുടങ്ങിയ രാഷ്ട്രീയ സംഘടനകൾ സമരത്തോട് അനുഭാവം പ്രകടിപ്പിച്ചു. ഇടതുസംഘടനകൾക്കൊപ്പം ആഗോളവത്കരണത്തിന് എതിരായ ജഗതി കികാരൺ വിരോധികൃതി സമിതി എന്ന സംഘടനയും ശക്തമായി മുന്നോട്ടുവന്നു. അതിന്റെ നേതാവായ എൻ. ഡി.പാട്ടിൽ വളരെ നിർണ്ണായകമായ പങ്കാണ് സമരത്തിൽ വഹിച്ചുകൊണ്ടിരുന്നത്. നിർബന്ധമായി കാടും കൃഷിഭൂമിയും ഉൾപ്പെടെ ഭൂമി ഏറ്റെടുക്കുന്നതിനെതിരെയുള്ള സമരം ശക്തിപ്പെടുത്താൻ ദേശവ്യാപകമായി പത്ത് യാത്രകൾ സംഘടിപ്പിച്ചു.

**സമരപരിപാടികൾ എങ്ങനെയാണ് ആസൂത്രണം ചെയ്തത് ?**

ഓരോ ഗ്രാമത്തിലും നിരവധി തവണ സഞ്ചരിച്ചു. ആളുകളോട് സമരത്തിൽ പങ്കാളികളാകേണ്ടതിന്റെ ആവശ്യകതയെപ്പറ്റി പറഞ്ഞു. ജയിൽ നിറയ്ക്കലായിരുന്നു ആദ്യത്തെ സമരരീതി. പിന്നീട് പ്രത്യേക സാമ്പത്തിക മേഖല നിയമത്തിന്റെ സെക്ഷൻ 4 പിൻവലിക്കണമെന്നാവശ്യപ്പെട്ട് മുംബൈ–പൂനെ ദേശീയപാതയിൽ വഴിതടയൽ സമരം നടത്തി. ഈ സമരം 2007 മാർച്ച് 23ന് ആയിരുന്നു. മഹാരാഷ്ട്ര നിയമസഭയുടെ ബജറ്റ് സമ്മേളനം നടക്കുന്നതിനിടയിലായതിനാൽ ഈ സമരം സഭയിൽ വലിയ ഒച്ചപാടുണ്ടാക്കി. അതിനെത്തുടർന്ന് നിർബന്ധിത ഏറ്റെടുക്കൽ നടപടികൾ ഉണ്ടാവില്ലെന്ന് മുഖ്യമന്ത്രി വാക്കുതന്നു. കർഷകത്തൊഴിലാളി പാർട്ടിയുടെ ആഭിമുഖ്യത്തിൽ ഡിവിഷണൽ കമ്മിഷണറുടെ ഓഫീസിനു മുന്നിൽ ധർണ്ണ നടത്തി. സി. പി. ഐയുടെ സീതാറാം യെച്ചൂരിയാണ് അന്ന് ധർണ്ണയെ അഭിസംബോധന ചെയ്ത് സംസാരിച്ചത്.

**സമരത്തോട് സർക്കാരിന്റെ നിലപാടെന്തായിരുന്നു ?**

ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് കനത്ത നിസഹകരണമാണ് ഉണ്ടായത്. പാർലമെന്ററി കമ്മിറ്റി പ്രസ്തുത പ്രദേശങ്ങൾ സന്ദർശിക്കുന്ന കാര്യം രഹസ്യമായി സൂക്ഷിക്കുകയായിരുന്നു. ഒടുവിൽ മറ്റ് മാർഗങ്ങളിലൂടെയാണ് കമ്മിറ്റി വരുന്ന വിവരം ഞങ്ങളറിഞ്ഞത്. മൂന്ന് ബസുകളിൽ കർഷകരുമായി ഞങ്ങളെത്തുമ്പോൾ കർഷകർ എന്ന പേരിൽ അവിടെയുണ്ടായിരുന്നത് കമ്പനിയുടെ പണം വാങ്ങുന്നവരായിരുന്നു. കമ്മിറ്റിയുടെ ചെയർമാനായ കാഷിറാമിനോട് ഞങ്ങൾ കാര്യങ്ങൾ അവതരിപ്പിച്ചു. അദ്ദേഹം അടുത്തദിവസം ഏറ്റെടുക്കപ്പെടാൻ പോകുന്ന കോലാപൂർ തഹസിലിൽ സന്ദർശനം നടത്തുമെന്ന് ഞങ്ങളെ അറിയിച്ചു. കർഷകരും സമരസമിതി പ്രവർത്തകരും കൃത്യസമയത്ത് സ്ഥലത്തെത്തിയെങ്കിലും പാർലമെന്റ് കമ്മിറ്റിയിലെ ഒരംഗത്തെപ്പോലും കണ്ടില്ല. പിന്നീടാണ് മനസിലായത്, സ്ഥലമറിയാത്ത കാഷിറാമിനെയും സംഘത്തെയും കോലാപ്പൂർ എന്ന് തെറ്റിദ്ധരിപ്പിച്ച് മറ്റൊരു സ്ഥലത്തേക്കാണ് കൊണ്ടുപോയത്. അവിടെയും കമ്പനിയുടെ പണം വാങ്ങിയവരെ കർഷകരെന്നപോലെ അണിനിരത്തി. വിവരമറിഞ്ഞയുടൻ പാർലമെന്ററി കമ്മിറ്റി നിർദ്ധിഷ്ട സ്ഥലം സന്ദർശിച്ചില്ലെങ്കിൽ എക്സ്പ്രസ് ഹൈവേ ഉപരോധിക്കുമെന്ന് അറിയിച്ചതിനെത്തുടർന്നാണ് കാഷിറാമും സംഘവും സ്ഥലം സന്ദർശിച്ചത്. സ്ഥലം കളക്ടറും ഞങ്ങളോട് നിസഹകരിക്കുകയായിരുന്നു ഉണ്ടായത്. തലേദിവസം കളക്ടറോട് സംസാരിച്ചെങ്കിലും പാർലമെന്ററി കമ്മിറ്റിയുടെ സന്ദർശനത്തെപ്പറ്റി ഞങ്ങളെ അറിയിച്ചില്ല. ഇത്തരത്തിൽ ഉദ്യോഗസ്ഥ വൃന്ദത്തിന്റെ നിസകരണത്തിന്റെ സമ്മർദ്ദത്തിലാണ് കേന്ദ്രസർക്കാരിന്റെ സർക്കുലർ പുറത്തിറങ്ങിയത്. അതുപ്രകാരം ഏറ്റെടുക്കുന്ന ഭൂമി 5000 ഹെക്ടറിൽ അധികമാകരുതെന്നായിരുന്നു. എന്നാൽ റായ്ഗഡിൽ സർക്കാർ ഏറ്റെടുക്കാൻ ശ്രമിച്ചത്

35,000 ഏക്കറാണ്. ജലസേചന സൗകര്യമുള്ള കൃഷിയിടങ്ങളാണ് ഏറ്റെടുക്കാൻ പോകുന്ന ഭൂമിയെന്ന് കളക്ടറോട് സാക്ഷ്യപ്പെടുത്തിയെടുക്കലായിരുന്നു അടുത്ത ജോലി. അത് സാധിച്ചെങ്കിലും അദ്ദേഹത്തെ പെട്ടെന്ന് സ്ഥലംമാറ്റുകയാണ് സർക്കാർ ചെയ്തത്.

**സമരത്തിൽ എൻ. ഡി. പാട്ടിലിന്റെ പങ്കിനെപ്പറ്റി ?**

ബജറ്റ് സമ്മേളനത്തിൽ മഹാരാഷ്ട്ര സർക്കാർ പറഞ്ഞ വാഗ്ദാനങ്ങൾ പാലിക്കാൻ വിസമ്മതിച്ച സാഹചര്യത്തിൽ എൻ. ഡി. പാട്ടിൽ നിരാഹാര സത്യാഗ്രഹം ആരംഭിച്ചു. 2007 ജൂലൈ 24ന് ആരംഭിച്ച നിരാഹാര സമരം ഏഴുദിവസം നീണ്ടു. തന്റെ 87 ാമത്തെ വയസിലും സമരത്തിന്റെ മുന്നണിയിലുണ്ട് അദ്ദേഹം. ഭൂമി ഏറ്റെടുക്കണമെന്ന തീരുമാനം പിൻവലിക്കണമെന്നായിരുന്നു നിരാഹാര സമരത്തിനിടെയുള്ള ആവശ്യം. ഒന്നാംദിവസം തന്നെ ചർച്ചയ്ക്ക് വിളിച്ച് ക്യാബിനറ്റിൽ തീരുമാനമായെന്നും അതറിയിക്കാനാണ് വിളിച്ചതെന്നും പറഞ്ഞെങ്കിലും സ്ഥിതിഗതികൾക്ക് വ്യത്യാസമൊന്നും സംഭവിച്ചില്ല. മൂന്നാംദിവസം അദ്ദേഹത്തെ ആശുപത്രിയിലേക്ക് മാറ്റിയെങ്കിലും സത്യാഗ്രഹം തുടർന്നു. ഏഴാംദിവസമാണ് ചർച്ചകൾക്കൊടുവിൽ ജനാഭിപ്രായം തേടാൻ തീരുമാനമായത്.

**പൊതുജനാഭിപ്രായം സ്വരൂപിക്കാനുള്ള ശ്രമങ്ങൾ വിശദീകരിക്കാമോ ?**

ഓരോ ഗ്രാമത്തിലെയും വീടുകളിൽ കയിയിറങ്ങി വീട്ടുകാരെ കാര്യങ്ങൾ പറഞ്ഞ് മനസിലാക്കാൻ ശ്രമിക്കുകയാണ് ചെയ്തത്. ആളുകൾ ആത്മാർത്ഥമായി സഹകരിച്ചു. സമരം ആരംഭിച്ചതിൽപ്പിന്നെ വന്ന മൂന്നാമത്തെ കളക്ടർ വളരെ ഭംഗിയായി ഞങ്ങളോട് സഹകരിച്ചിരുന്നു. ഒരു തിരഞ്ഞെടുപ്പ് നടത്തുന്ന ഗൗരവത്തോടെയാണ് കാര്യങ്ങൾ മുന്നോട്ട് കൊണ്ടുപോയിരുന്നത്. ഇതിനിടയിൽ കമ്പനി മോഹനവാഗ്ദാനങ്ങളുള്ള പരസ്യങ്ങളുമായി പുതിയ തന്ത്രങ്ങളൊരുക്കി. ബി. ബി. സി ഉൾപ്പെടെയുള്ള മാധ്യമങ്ങൾ ഇത് റിപ്പോർട്ട് ചെയ്തു. വൻ വാർത്താ പ്രാധാന്യവും ഇതിന് കൈവന്നു. ഒടുവിൽ 95 ശതമാനം പേരും പദ്ധതി നടപ്പിലാക്കുന്നതിനെ എതിർത്തു. എന്നിട്ടും ഏറ്റെടുക്കൽ നടപടികൾ പൂർണ്ണമായും പിൻവലിച്ചിട്ടില്ല.

**എങ്ങനെയാണ് സമരത്തിന് പണം കണ്ടെത്തിയിരുന്നത് ?**

ഒരു തരത്തിലുള്ള വിദേശഫണ്ടുകളും സ്വീകരിച്ചിട്ടില്ല. ഓരോ തവണയും നാട്ടുകാർ തന്ന ചെറിയ സംഭാവനകളായിരുന്നു സമരത്തിന്റെ സാമ്പത്തിക ശക്തി.

*(മഹാരാഷ്ട്രയിൽ പൻവേലിൽ വെച്ച് നടന്ന ജനകീയ പ്രസ്ഥാനങ്ങളുടെ ദേശീയ സഖ്യത്തിന്റെ ദേശീയ ജനറൽ ബോഡി മീറ്റിങ്ങിൽവെച്ച് ഉൽക്ക മഹാജനുമായി സംസാരിച്ച് തയ്യാറാക്കിയത്)*


## മുളകൊണ്ടുള്ള ഗൃഹോപകരണങ്ങൾ

മലപ്പുറം ജില്ലയിലെ പാണ്ടിക്കാട് കുളപ്പറമ്പിൽ മുളകൊണ്ടുള്ള ഗൃഹോപകരണങ്ങൾ നിർമ്മിക്കുവാൻ ജില്ലയിലെ പരിസ്ഥിതി പ്രവർത്തകരുടെ നേതൃത്വത്തിൽ ഒരു യൂണിറ്റ് ആരംഭിക്കുന്നു. 2009 ഏപ്രിൽ മാസം മുതൽ മുളകൊണ്ടുള്ള നിർമ്മാണപ്രവർത്തനങ്ങൾ തുടങ്ങും. ഫർണിച്ചറുകൾ, ഷോക്കേസുകൾ, പാനലുകൾ, കർട്ടനുകൾ എന്നിവയാണ് ഉദ്ദേശിക്കുന്നത്. ബന്ധങ്ങൾക്ക് : 9895116715

## സാമൂഹ്യ പ്രവർത്തകരുടെ ശ്രദ്ധയ്ക്ക്

കേരളത്തിലെ പൊതു വിഭവങ്ങൾക്കു വേണ്ടിയുള്ള ജനകീയ സമരങ്ങളേയും പൊതു പ്രശ്നങ്ങളേയും കേരളീയത്തിൽ പരിചയപ്പെടുത്തുന്നതിനും ബന്ധിപ്പിക്കുന്നതിനുംവേണ്ടി തുടർച്ചയായി ശ്രമിക്കുന്ന മാധ്യമമെന്നനിലയിൽ വലുതും ചെറുതുമായ എല്ലാ സമരങ്ങളുടെയും അറിയിപ്പുകൾ, നോട്ടീസുകൾ, പഠനവിവരങ്ങൾ, പത്രക്കട്ടിങ്ങുകൾ, ഫോട്ടോകൾ തുടങ്ങിയവ കേരളീയത്തിലേക്ക് അയച്ചുതരണമെന്ന് അഭ്യർത്ഥിക്കുന്നു. പത്രമാധ്യമങ്ങളുടെ പ്രാദേശിക എഡിഷനുകൾ വന്നതോടുകൂടി ഒരു പൊതുപ്രശ്നം ജില്ലയ്ക്കകത്തുപോലും ചർച്ച ചെയ്യാതിരിക്കുന്ന സ്ഥിതിയിൽ അതറിയിക്കാനും ബന്ധിപ്പിക്കാനും സമരവിവരങ്ങൾ അയച്ചുതരണമെന്ന് അഭ്യർത്ഥിക്കുന്നു.

വിലാസം :

**കേരളീയം, കൊക്കാലെ, തൃശൂർ–21**
**ഫോൺ : 9446576943, 9446586943**
**0487–2421385**
e-mail : robinkeraleeyam@gmail.com

With best compliments from

CENTRE FOR POST GRADUATE STUDIES

P.G.Centre

**North Bus Stand, Thrissur-20.**

Ph : 2338983, 6950675 e-mail : pgcentre.tsr@gmail.com

books x magazines x periodicals

BYWORD BOOKS

, , . . ,
. : 0487 3256689, : 9847764577

for rare and new books